**മധുരമായ കുട്ടികളേ - നിങ്ങളുടെ ഈ ബ്രാഹ്മണകുലം പൂര്‍ണ്ണമായും വേറിട്ടതാണ്, നിങ്ങള്‍ ബ്രാഹ്മണര്‍ മാത്രമാണ് നോളേഡ്ജ്ഫുള്‍, ജ്ഞാനം, വിജ്ഞാനം, അജ്ഞാനം ഇതിനെക്കുറിച്ച് നിങ്ങള്‍ മനസ്സിലാക്കുന്നു.**

**ചോദ്യം:-** ഏതു സഹജ പുരുഷാര്‍ത്ഥത്തിലൂടെ എല്ലാ കാര്യങ്ങളില്‍ നിന്നും നിങ്ങളുടെ മനസ്സിനെ വേര്‍പെടുത്താന്‍ സാധിക്കും?
**ഉത്തരം:-** ആത്മീയ ജോലിയില്‍ മാത്രം ശ്രദ്ധിക്കൂ. ആത്മീയ സേവനം കൂടുതല്‍ ചെയ്യുന്നതനുസരിച്ച് മറ്റു കാര്യങ്ങളില്‍ നിന്നും സ്വതവേ മനസ്സു മാറും. രാജ്യപദവി നേടുന്നതില്‍ മുഴുകും. എന്നാല്‍ ആത്മീയ സേവനം ചെയ്യുന്നതിനോടൊപ്പം ഏതൊരു രചനയാണോ രചിച്ചിട്ടുള്ളത് ആ രചനയേയും സംരക്ഷിക്കണം.

**ഗീതം:-** ആരാണോ പ്രിയതമനോടൊപ്പം...

**ഓം ശാന്തി**. പ്രിയതമന്‍ എന്ന് പറയുന്നത് ബാബയെയാണ്. ഇപ്പോള്‍ കുട്ടികള്‍ ബാബയുടെ മുന്നില്‍ ഇരിക്കുകയാണ്. സാധു-സന്ന്യാസിയുടെ മുന്നിലല്ല നമ്മള്‍ ഇരിക്കുന്നതെന്ന് കുട്ടികള്‍ക്കറിയാം. ബാബ ജ്ഞാന സാഗരനാണ്, ജ്ഞാനത്തിലൂടെയാണ് സദ്ഗതി ലഭിക്കുന്നത്. ജ്ഞാനം, വിജ്ഞാനം, അജ്ഞാനം എന്ന് പറയാറുണ്ട്. വിജ്ഞാനം അര്‍ത്ഥം ദേഹീ അഭിമാനിയാകുക, ഓര്‍മ്മയുടെ യാത്ര നടത്തുക. ജ്ഞാനം അര്‍ത്ഥം സൃഷ്ടി ചക്രത്തെ അറിയുക. ജ്ഞാനം, വിജ്ഞാനം, അജ്ഞാനം ഇതിന്‍റെ അര്‍ത്ഥം മനുഷ്യര്‍ക്കറിയില്ല. നിങ്ങളിപ്പോള്‍ സംഗമയുഗീ ബ്രാഹ്മണരാണ്. നിങ്ങളുടെ ഈ വ്യത്യസ്തമായ ബ്രാഹ്മണ കുലത്തെക്കുറിച്ച് ആര്‍ക്കും അറിയില്ല. ബ്രാഹ്മണര്‍ സംഗമയുഗത്തിലാണുള്ളതെന്ന കാര്യം ശാസ്ത്രങ്ങളില്‍ ഇല്ല. പ്രജാപിതാ ബ്രഹ്മാവുണ്ടായിരുന്നു, ബ്രഹ്മാവിനെയാണ് ആദിദേവന്‍ എന്ന് വിളിക്കുന്നതെന്ന് അറിയാം. ആദിദേവി ജഗദംബ ആരാണെന്ന് ലോകത്തിലുള്ളവര്‍ക്ക് അറിയില്ല. തീര്‍ച്ചയായും ബ്രഹ്മാവിന്‍റെ മുഖവംശാവലി ആയിരിക്കും. ആദിദേവി ബ്രഹ്മാവിന്‍റെ പത്നിയല്ല. ദത്തെടുക്കുകയല്ലേ? നിങ്ങള്‍ കുട്ടികളേയും ദത്തെടുക്കുകയാണ്. ബ്രാഹ്മണരെ ദേവത എന്ന് വിളിക്കില്ല. ഇവിടെ ബ്രഹ്മാവിനും ക്ഷേത്രമുണ്ട്, അദ്ദേഹവും മനുഷ്യനല്ലേ? ബ്രഹ്മാവിന്‍റെ കൂടെ സരസ്വതിയും ഉണ്ട്. ദേവിമാര്‍ക്കും ക്ഷേത്രങ്ങളുണ്ട്. എല്ലാവരും ഇവിടുത്തെ തന്നെ മനുഷ്യരല്ലേ. ക്ഷേത്രം ഒരാളുടേതായി ഉണ്ടാക്കിയിരിക്കുന്നു. പ്രജാപിതാവിന് അനേകം പ്രജകളും ഉണ്ടാകുമല്ലോ. ഇപ്പോള്‍ പ്രജകള്‍ തയ്യാറായിക്കൊണ്ടിരിക്കുന്നു. പ്രജാപിതാ ബ്രഹ്മാവിന്‍റെ കുലം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ധര്‍മ്മത്തിലുള്ള കുട്ടികള്‍ ദത്തെടുക്കപ്പെട്ടവരാണ്. നിങ്ങളെ ഇപ്പോള്‍ പരിധിയില്ലാത്ത ബാബ ധര്‍മ്മത്തിലെ മക്കളാക്കിയിരിക്കുന്നു. ബ്രഹ്മാവിനും പരിധിയില്ലത്ത നിങ്ങള്‍ പേരക്കുട്ടികള്‍ക്കും സമ്പത്ത് ലഭിക്കുന്നത് ബാബയില്‍ നിന്നാണ്. ജ്ഞാനം ആര്‍ക്കുമില്ല. കാരണം ജ്ഞാനസാഗരന്‍ ഒന്നേ ഉള്ളൂ ആ ബാബ വരാത്തിടത്തോളം ആര്‍ക്കും സദ്ഗതി ലഭിക്കില്ല. സദ്ഗതിക്കു വേണ്ടി ഇപ്പോള്‍ നിങ്ങള്‍ ഭക്തിയില്‍ നിന്നും ജ്ഞാനത്തിലേക്കു മാറിയിരിക്കുന്നു. സദ്ഗതിയെന്ന് പറയുന്നത് സത്യയുഗത്തെയാണ്. കലിയുഗത്തെ ദുര്‍ഗതി എന്ന് പറയുന്നു, കാരണം രാവണരാജ്യമാണ്. സദ്ഗതിയെ രാമരാജ്യം എന്നും പറയും. സൂര്യവംശി എന്നും പറയും. സൂര്യവംശി, ചന്ദ്രവംശി എന്നാണ് യഥാര്‍ത്ഥ പേര്. കുട്ടികള്‍ക്കറിയാം നമ്മള്‍ സൂര്യവംശി കുലത്തിലായിരുന്നു. പിന്നീട് 84 ജന്മങ്ങള്‍ എടുത്തു ഈ ജ്ഞാനം ഒരു ശാസ്ത്രങ്ങളിലും കാണാന്‍ സാധിക്കില്ല കാരണം ശാസ്ത്രങ്ങളെല്ലാം ഭക്തീ മാര്‍ഗത്തിലേക്കുള്ളതാണ്. അതെല്ലാം നശിച്ചു പോകും. ഇവിടെ നിന്നും എന്ത് സംസ്ക്കാരം കൊണ്ടുപോകുന്നോ അവിടെ അതെല്ലാം തന്നെ നിര്‍മ്മിക്കാന്‍ തുടങ്ങും. രാജപദവിക്കായി നിങ്ങളില്‍ രാജ്യകീയ സംസ്കാരം നിറയുകയാണ്. നിങ്ങള്‍ രാജ്യം ഭരിക്കും. ശാസ്ത്രജ്ഞര്‍ അതേ രാജധാനിയില്‍ വന്ന് അവര്‍ പഠിച്ച വിദ്യയനുസരിച്ച് പ്രവര്‍ത്തിക്കും. സൂര്യവംശി ചന്ദ്രവംശി രാജധാനിയില്‍ വരും. അവര്‍ക്ക് സയന്‍സിന്‍റെ ജ്ഞാനം മാത്രമേ ഉള്ളൂ. അവര്‍ അവരുടെ സംസ്കാരം കൊണ്ടു പോകും. അതും സംസ്കാരമാണ്. അവരും പുരുഷാര്‍ത്ഥം ചെയ്യുകയാണ്. അവരുടെ അടുക്കല്‍ ആ വിദ്യയാണുള്ളത്. നിങ്ങളുടെ അടുക്കല്‍ മറ്റ് വിദ്യയൊന്നും ഇല്ല. നിങ്ങള്‍ ബാബയില്‍ നിന്നും രാജ്യം നേടും. ഓരോ ജോലിക്കും അതിന്‍റേതായ സംസ്ക്കാരമില്ലേ? എന്തെല്ലാം പ്രശ്നങ്ങളാണ്. എന്നാല്‍ ഏതുവരെ വാനപ്രസ്ഥമാകുന്നില്ലയോ അതുവരെ വീടും-കുടുംബവും സംരക്ഷിക്കണം. അല്ലെങ്കില്‍ മക്കളെ ആര് സംരക്ഷിക്കും. ഇവിടെ വന്നിരിക്കാന്‍ കഴിയില്ല. ഇങ്ങനെ പറയാറുണ്ട് ഈ ജോലിയില്‍ മുഴുകുമ്പോള്‍ അതില്‍ നിന്ന് വേറിടാന്‍ സാധിക്കും. ഒപ്പം തന്നെ രചനയേയും സംരക്ഷിക്കേണ്ടതായുണ്ട്. ശരിയാണ്, ചിലര്‍ നല്ലതു പോലെ ആത്മീയ സേവനത്തില്‍ മുഴുകുമ്പോള്‍ അവരുടെ മനസ്സ് മാറും. മനസ്സിലാക്കും, എത്രത്തോളം സമയം ഈ ആത്മീയ സേവനം ചെയ്യുന്നുവോ

അത്രയും നല്ലതാണ്. പതിതർക്ക് പാവനമാകാനുള്ള വഴി പറഞ്ഞു തരാനാണ് ബാബ വന്നിരിക്കുന്നത്. അതുകൊണ്ട് കുട്ടികളും ഈ സേവനം ചെയ്യണം. ഓരോരുത്തരുടേയും കണക്ക് ബാബ നോക്കും. പതീതത്തിൽ നിന്നും പാവനമാകാനുള്ള മതമാണ് പരിധിയില്ലാത്ത ബാബ പറഞ്ഞു തരുന്നത്. ബാബ പാവനമാകാനുള്ള വഴി പറഞ്ഞു തരുന്നു. ബാക്കി കാര്യങ്ങളെല്ലാം നോക്കി നടത്തുക, ഉപദേശം നൽകുക ഇതെല്ലാം ഇദ്ദേഹത്തിന്റെ (ബ്രഹ്മാവിന്റെ) ജോലിയാണ്. ശിവബാബ പറയുന്നു – ജോലിയുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും എന്നോടു ചോദിക്കരുത്. പതീതത്തിൽ നിന്നും പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞാണ് നിങ്ങളെന്നെ വിളിച്ചത്. ഞാൻ ഈ ബ്രഹ്മാവിലൂടെ നിങ്ങളെ പാവനമാക്കി മാറ്റുന്നു. ഇദ്ദേഹവും പിതാവാണ് ഇദ്ദേഹത്തിന്റ അഭിപ്രായവും അനുസരിക്കണം. ശിവബാബ നൽകുന്നത് ആത്മീയ മതം, ഇദ്ദേഹത്തിന്റേത് ഭൗതിക മതം. ഇദ്ദേഹത്തിനും ഉത്തരവാദിത്വം ഒരുപാടുണ്ട്. ഇദ്ദേഹവും പറയുന്നത് ബാബയുടെ നിർദ്ദേശമാണ് എന്നെ മാത്രം ഓർമ്മിക്കൂ എന്നുള്ളത്. ബാബയുടെ മതമനുസരിച്ച് നടക്കൂ. കുട്ടികൾക്ക് എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ, സ്വയം എങ്ങനെയെല്ലാമാണ് ചെയ്യുന്നതെന്ന് ഇദ്ദേഹം പറഞ്ഞു തരും, ഇദ്ദേഹത്തെ കണ്ടു പഠിക്കണം. ഇദ്ദേഹം പഠിപ്പിക്കും കാരണം ഇദ്ദേഹം എല്ലാവരേക്കാളും മുൻപിലാണ്. എല്ലാ കൊടുങ്കാറ്റുകളും ആദ്യം വരുന്നത് ഇദ്ദേഹത്തിന്റെ അടുക്കലാണ്. അതുകൊണ്ട് ഏറ്റവും വലിയ ശക്തിശാലി ഇദ്ദേഹമാണ്, അതുകൊണ്ടാണ് ഉയർന്ന പദവി നേടുന്നത്. മായയും ശക്തീശാലിയായി യുദ്ധം ചെയ്യുന്നു. ഇദ്ദേഹം ക്ഷണത്തിൽ സർവ്വതും ഉപേക്ഷിച്ചു, ഇദ്ദേഹത്തിന്റെ പാർട്ട് ആയിരുന്നു. ബാബ ഇദ്ദേഹത്തിനെക്കൊണ്ടു ചെയ്യിപ്പിച്ചു. ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും ബാബയല്ലേ. സന്തോഷത്തോടെ ഉപേക്ഷിച്ചു, സക്ഷാത്കാരം ഉണ്ടായി. ഇപ്പോൾ ഞാൻ വിശ്വത്തിന്റെ അധികാരിയാകാൻ പോകുന്നു. ചില്ലിക്കാശിനില്ലാത്തവ കൊണ്ട് എന്തു ചെയ്യാനാണ്. വിനാശത്തിന്റെ സാക്ഷാത്കാരവും ചെയ്യിപ്പിച്ചു. ഈ പഴയ ലോകത്തിന്റെ വിനാശം സംഭവിക്കാൻ പോകുകയാണെന്ന് മനസ്സിലാക്കി. എനിക്ക് വീണ്ടും രാജ്യപദവി ലഭിക്കുകയാണെന്ന് മനസ്സിലാക്കിയപ്പോൾ പെട്ടെന്നെല്ലാം ഉപേക്ഷിച്ചു. ഇനി ബാബ പറയുന്നതനുസരിച്ചു നടക്കണം. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ഡ്രാമയനുസരിച്ച് ഭട്ഠി നടത്തി. ഇത്രയും പേർ എന്തിനോടിപ്പോകുന്നു എന്ന് മനുഷ്യർക്കാർക്കും മനസ്സിലായില്ല. ഇദ്ദേഹം സാധു സന്ന്യാസിയൊന്നുമല്ല. ഇത് വളരെ ലളിതമാണ്, ഇദ്ദേഹം ആരേയും തട്ടിയെടുത്തില്ല. കൃഷ്ണന് മഹിമയൊന്നുമില്ല. മനുഷ്യർക്കാർക്കും മഹിമയൊന്നുമില്ല. മഹിമ ഒരു ബാബക്കു മാത്രമേ ഉള്ളു. ബാബ തന്നെയാണ് സർവ്വർക്കും സുഖം നൽകുന്നത്. നിങ്ങളോടു സംസാരിക്കുകയാണ്. നിങ്ങളിവിടെ ആരുടെയടുക്കലാണ് വന്നിരിക്കുന്നത്? നിങ്ങളുടെ ബുദ്ധി അവിടേക്കും (പരംധാമം) പോകും ഇവിടേക്കും(മധുബൻ) വരും. എന്തുകൊണ്ടെന്നാൽ അറിയാം ശിവബാബ വസിക്കുന്നത് അവിടെയാണ്. ഇപ്പോൾ ഇദ്ദേഹത്തിൽ വന്നിരിക്കുകയാണ്. ബാബയിൽ നിന്നും നമുക്ക് സ്വർഗത്തിന്റെ സമ്പത്ത് ലഭിക്കണം. കലിയുഗത്തിന് ശേഷം സ്വർഗം തീർച്ചയായും വരും. കൃഷ്ണനും ബാബയിൽ നിന്നും സമ്പത്ത് എടുത്ത് പോയാണ് രാജ്യപദവി നേടിയത്, ഇതിൽ മഹിമയുടെ കാര്യം ഒന്നും തന്നെ ഇല്ല. രാജാവിന് രാജകുമാരൻ ജനിച്ച് പിന്നീട് പഠിച്ച് വലുതായി സിംഹാസനത്തിൽ ഇരിക്കുന്നതു പോലെ. ഇതിൽ മഹിമയോ ചരിത്രമെന്നോ പറയാൻ ഒന്നും തന്നെയില്ല. ഉയർന്നതിലും ഉയർന്നത് ഒരു ബാബ മാത്രമാണ്. മഹിമയും ആ ഒരാൾക്ക് മാത്രമാണ്, ഇദ്ദേഹവും(ബ്രഹ്മാബാബ) ബാബയുടെ പരിചയമാണ് നൽകുന്നത്. ഞാനാണ് പറയുന്നത് എന്ന് ശിവബാബ പറഞ്ഞാലും മനുഷ്യർ വിചാരിക്കും ഇദ്ദേഹം തന്നെക്കുറിച്ചാണ് പറയുന്നതെന്ന്. ഇക്കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ, ഭഗവാനെ ഒരിക്കലും മനുഷ്യനെന്ന് വിളിക്കില്ല. ഭഗവാൻ ഒരേ ഒരു നിരാകാരൻ മാത്രമാണ്. പരംധാമത്തിൽ വസിക്കുന്നു. നിങ്ങളുടെ ബുദ്ധി മുകളിലേക്കും പോകുന്നു പിന്നീട് താഴേക്കും വരുന്നു.

ബാബ ദൂരെദേശത്തു നിന്നും അന്യദേശത്ത് വന്ന് പഠിപ്പിച്ച് തിരിച്ചു പോകുന്നു. ഞാൻ വരുന്നത് ഒരു സെക്കന്റിലാണെന്ന് സ്വയം തന്നെ പറയുന്നു. സമയമെടുക്കുന്നില്ല. ആത്മാവും സെക്കന്റിൽ ഒരു ശരീരം ഉപേക്ഷിച്ച് അടുത്ത ശരീരം എടുക്കുന്നു. ആർക്കും കാണാൻ സാധിക്കില്ല. ആത്മാവിന് നല്ല സ്പീഡാണ്. സെക്കന്റിൽ ജീവന്മുക്തി എന്നാണ് പാടുന്നത്. രാവണരാജ്യത്തെ ജീവൻബന്ധന രാജ്യം എന്ന് പറയും. കുട്ടി ജന്മമെടുക്കുമ്പോൾ അച്ഛന്റെ സമ്പത്തു ലഭിക്കുന്നു. നിങ്ങളും ബാബയെ തിരിച്ചറിഞ്ഞു സ്വർഗത്തിന്റെ അധികാരിയായി. പിന്നീട് പുരുഷാർത്ഥമനുസരിച്ച് സംഖ്യാക്രമത്തിലുള്ള പദവി ലഭിക്കുന്നു. ബാബ നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു, രണ്ട് പിതാക്കന്മാരുണ്ട്– ഒന്ന് ലൗകിക പിതാവ് മറ്റൊന്ന് പാരലൗകിക പിതാവ്. ദുഃഖം വരുമ്പോൾ സർവ്വരും ഓർമ്മിക്കും സുഖത്തിൽ ആരും ഓർമ്മിക്കില്ല എന്ന് പറയാറുണ്ട്. നമ്മൾ ഭാരതവാസികൾ സുഖം അനുഭവിച്ചിരുന്നപ്പോൾ ഓർമ്മിച്ചിരുന്നില്ല എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. പിന്നീട് നമ്മൾ 84 ജന്മമെടുത്തു. ആത്മാവിൽ അഴുക്ക് നിറഞ്ഞപ്പോൾ ഡിഗ്രി കുറഞ്ഞു. 16 കലാ സമ്പൂർണ്ണതയിൽ നിന്നും 2 കല കുറഞ്ഞു. മാർക്ക് കുറഞ്ഞു പാസ്സായതു കൊണ്ടാണ് രാമന് ബാണം കാണിച്ചിരിക്കുന്നത്. അല്ലാതെ വില്ലൊന്നും ആരും ഒടിച്ചിട്ടില്ല. ഇതൊരടയാളമായി

കാണിച്ചിരിക്കുകയാണ്. ഇതെല്ലാം ഭക്തീമാർഗത്തിലെ കാര്യങ്ങളാണ്. ഭക്തിയിൽ മനുഷ്യർ എത്രമാത്രം അലയുന്നു. നിങ്ങൾക്കിപ്പോൾ ജ്ഞാനം ലഭിച്ചതോടെ അലച്ചിലെല്ലാം അവസാനിച്ചു.

''അല്ലയോ ശിവബാബ'' എന്ന് പറയുന്നതും നിലവിളിയാണ്. അല്ലയോ എന്ന ശബ്ദം നിങ്ങൾ പറയരുത്. ബാബയെ ഓർമ്മിക്കണം. നിലവിളിച്ചുവെങ്കിൽ ഭക്തിയുടെ അംശം വന്നു. ''ഭഗവാനേ'' എന്ന് വിളിക്കുന്നതും ഭക്തിയുടെ ശീലമാണ്. ഭഗവാനേ എന്ന് വിളിച്ച് ഓർമ്മിക്കൂ എന്ന് ബാബ ഒരിക്കലും പറഞ്ഞിട്ടില്ല. അന്തർമുഖിയായി എന്നെ ഓർമ്മിക്കൂ. സ്മരിക്കുകയാണെന്ന് പറയേണ്ടതുമില്ല. അതും ഭക്തീമാർഗത്തിലെ അക്ഷരമാണ്. നിങ്ങൾക്ക് ബാബയുടെ പരിചയം ലഭിച്ചു, ശ്രീമതമനുസരിച്ചു നടക്കൂ. ലൗകിക കുട്ടി ശരീരധാരീ പിതാവിനെ ഓർമ്മിക്കുന്നതു പോലെ ബാബയെ ഓർമ്മിക്കൂ. ദേഹാഭിമാനത്തിലാണെങ്കിൽ ഓർമ്മിക്കുന്നതും ദേഹധാരീ പിതാവിനെ ആയിരിക്കും. പാരലൗകിക പിതാവ് ദേഹീ അഭിമാനിയാണ്. ഈ ശരീരത്തിൽ (ബ്രഹ്മാവിൽ) വരുന്നുവെങ്കിലും ദേഹാഭിമാനിയാകുന്നില്ല. പറയുന്നു നിങ്ങൾക്ക് ജ്ഞാനം പറഞ്ഞു തരുന്നതിന് വേണ്ടി ലോണെടുത്തിരിക്കുകയാണ്. ജ്ഞാനസാഗരനാണെങ്കിലും ജ്ഞാനം എങ്ങനെ നൽകും? ഗർഭത്തിൽ പ്രവേശിക്കുന്നതു നിങ്ങളാണ്. ഞാൻ ഗർഭത്തിൽ പ്രവേശിക്കുന്നില്ല. എന്റെ മതവും വഴിയും എല്ലാം വ്യത്യസ്തമാണ്. ബാബ ഇദ്ദേഹത്തിൽ വരുന്നു, ഇക്കാര്യം ആരും അറിയുന്നില്ല. ബ്രഹ്മാവിലൂടെ സ്ഥാപന എന്ന് പറയുന്നു. എന്നാൽ ബ്രഹ്മാവിലൂടെ എങ്ങനെ സ്ഥാപിക്കുന്നു? പ്രേരണ നൽകുകയാണോ ചെയ്യുന്നത്? ബാബ പറയുന്നു ഞാൻ സാധാരണ ശരീരത്തിൽ വരുന്നു. സന്ന്യസിക്കുന്നതു കാരണം ഇദ്ദേഹത്തിന് ബ്രഹ്മാവ് എന്ന് പേര് വരുന്നു. പൊട്ടിപ്പോകുന്നതു കാരണം ഇപ്പോൾ ബ്രാഹ്മണരുടെ മാല തയ്യാറാക്കാൻ സാധിക്കില്ല എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഫൈനലിൽ ബ്രാഹ്മണർ തയ്യാറാകുമ്പോൾ രുദ്രമാലയും തയ്യാറാകും. ശേഷം വിഷ്ണുവിന്റെ മാലയിലേക്ക് പോകും. മാലയിൽ വരുന്നതിന് വേണ്ടി ഓർമ്മിക്കണം. നമ്മൾ ആദ്യം സതോപ്രധാനമായിരുന്നു, ശേഷം സതോ, രജോ തമോയിലേക്കു വന്നു എന്നത് ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ ഉണ്ട്. ഹം സോ എന്ന ശബ്ദത്തിന്റെ അർത്ഥവുമില്ലേ? ഓം ന്റെ അർത്ഥം വേറെയാണ്. ഓം അർത്ഥം ആത്മാവ്. അതേ ആത്മാവ് പറയുകയാണ് ഞാൻ തന്നെ ദേവതയായി, ക്ഷത്രിയനായി... മറ്റാളുകൾ പറയുന്നു ആത്മാവു തന്നെയാണ് പരമാത്മാവ് എന്ന്. നിങ്ങൾ പറയുന്ന ഓം, ഹം സോ ഈ ശബ്ദങ്ങളുടെ അർത്ഥം തീർത്തും വേറിട്ടതാണ്. ഞാൻ ആത്മാവാണ്, ആത്മാവ് വർണ്ണങ്ങളിലേക്ക് വരുന്നു, ആദ്യം ദേവതയും, ക്ഷത്രിയനുമാകുന്നു. അല്ലാതെ ആത്മാവു തന്നെ പരമാത്മാവ് അങ്ങനെയല്ല. ജ്ഞാനം പൂർണ്ണമായും മനസ്സിലാക്കത്തതു കാരണം അർത്ഥം കുഴപ്പിച്ചു കളഞ്ഞു. അഹം ബ്രഹ്മാസ്മി എന്ന് പറയുന്നതും തെറ്റാണ്. ബാബ പറയുന്നു ഞാൻ രചനയുടെ അധികാരിയാകുന്നില്ല. നിങ്ങളാണീ രചനയുടെ അധികാരിയാകുന്നത്. നിങ്ങളാണ് വിശ്വത്തിന്റെ അധികാരി ആകുന്നത്. ബ്രഹ്മം തത്വമാണ്. നിങ്ങൾ ആത്മാക്കൾ ഈ രചനയുടെ അധികാരിയാകുന്നു. ബാബ ഇപ്പോൾ എല്ലാ വേദ ശാസ്ത്രങ്ങളുടേയും യഥാർത്ഥ അർത്ഥം മനസ്സിലാക്കി തരുന്നു. ഇപ്പോൾ പഠിക്കണം. നിങ്ങൾക്ക് ബാബ പുതിയ പുതിയ കാര്യങ്ങൾ മനസ്സിലാക്കി തരുന്നു. ഭക്തി എന്താണ് ഉദ്ദേശിക്കുന്നത് ജ്ഞാനം എന്താണ് ഉദ്ദേശിക്കുന്നത്. ഭക്തീ മാർഗത്തിൽ ക്ഷേത്രങ്ങൾ ഉണ്ടാക്കി, ജപിച്ചു, തപസ്സു ചെയ്തു, പൈസ പാഴാക്കി കളഞ്ഞു. നിങ്ങളുടെ ക്ഷേത്രങ്ങൾ ഒരുപാടുപേർ കൊള്ളയടിച്ചു. ഇതും നാടകത്തിലുള്ളതാണ്. പിന്നീട് അവരിൽ നിന്ന് തന്നെ അതു തിരിച്ചു കിട്ടണം. വാങ്ങുന്നതെത്രയാണെന്ന് നോക്കണം. ദിവസം ചെല്ലുന്തോറും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. വാങ്ങിച്ചു കൊണ്ടിരിക്കുകയാണ്. അവർ എത്രത്തോളം എടുത്തിട്ടു പോയോ അത്രയും പൂർണ്ണമായും തിരിച്ചു തരും. ആര് നിങ്ങളുടെ പൈസ എടുത്തുവോ അവർക്കത് വിഴുങ്ങാൻ സാധിക്കില്ല. ഭാരതം അവിനാശി ഖണ്ഢമല്ലേ? ബാബയുടെ ജന്മദേശമാണ്. ബാബ വരുന്നത് ഇവിടെ തന്നെയാണ്. ബാബയുടെ ഖണ്ഡത്തിൽ നിന്നും എന്തെടുത്തുവോ തിരിച്ചു തന്നേ പറ്റൂ. സമയത്ത് തിരിച്ചു കിട്ടുന്നത് എങ്ങനെയാണെന്ന് കണ്ടോളൂ. ഇക്കാര്യങ്ങളെല്ലാം നിങ്ങൾക്കറിയാം. വിനാശം എപ്പോൾ വരുമെന്ന് അവർക്കറിയില്ല. ഗവൺമെന്റും ഇക്കാര്യം അംഗീകരിക്കില്ല. കടം വാങ്ങിക്കൊണ്ടേയിരിക്കുന്നു, ഡ്രാമയിൽ ഇതും ഉള്ളതാണ്. മടക്കി തരികയാണ്. നമ്മുടെ രാജധാനിയിൽ നിന്നും കൊണ്ടുപോയ പൈസ തിരിച്ചു തരികയണെന്ന് നിങ്ങൾക്കറിയാം. നിങ്ങൾക്ക് ഒരു കാര്യത്തെക്കുറിച്ചും ചിന്തയില്ല. ബാബയെ ഓർമ്മിക്കുന്നതിനെക്കുറിച്ചു മാത്രമേ ചിന്തയുള്ളൂ. ഓർമ്മിക്കുമ്പോൾ മാത്രമാണ് പാപം ഭസ്മമാകുന്നത്. ജ്ഞാനം വളരെ സഹജമാണ്, പിന്നീട് ഓരോരുത്തരും പുരുഷാർത്ഥം ചെയ്യുന്നതിനനുസരിച്ചായിരിക്കും. ശ്രീമതം ലഭിച്ചു കൊണ്ടിരിക്കുന്നു, അവിനാശി സർജനിൽ നിന്നും ഓരോ കാര്യത്തിലും നിർദ്ദേശം സ്വീകരിക്കേണ്ടതുണ്ട്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെ കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടി കൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) എത്ര സമയം ലഭിക്കുന്നോ ഈ ആത്മീയ സേവനം ചെയ്യണം. ആത്മീയ സേവനത്തിന്റെ സംസ്കാരം കൊണ്ടുവരണം. പതിതരെ പാവനമാക്കുന്നതിന്റെ സേവനം ചെയ്യണം.

2) അന്തർമുഖിയായി ബാബയെ ഓർമ്മിക്കണം. വായ കൊണ്ട് ശബ്ദം ഉണ്ടാക്കരുത്. ബാബക്ക് അഹങ്കാരമില്ലാത്തതു പോലെ നിരഹങ്കാരിയാകണം.

## വരദാനം : മനസാ സങ്കല്പം അഥവാ ഭാവനയിലൂടെ ശ്രേഷ്ഠ തരംഗങ്ങളുടെ സുഗന്ധം വ്യാപിപ്പിക്കുന്ന ശിവശക്തി കംബയിന്റ് ആയി ഭവിക്കൂ.

ഏതുപോലെ ഇക്കാലത്ത് സ്ഥൂല സുഗന്ധങ്ങളുടെ സാധനങ്ങളിലൂടെ റോസാപ്പൂ, ചന്ദനം തുടങ്ങിയ വിഭിന്ന പ്രകാരത്തിലെ സുഗന്ധം വ്യാപിപ്പിക്കുന്നു, അതുപോലെ താങ്കൾ ശിവശക്തി കംമ്പയിന്റ് ആയി മനസ്സാ സങ്കല്പം അഥവാ മനോഭാവനയിലൂടെ സുഖശാന്തി, സ്നേഹം, ആനന്ദം തുടങ്ങിയ സുഗന്ധം വ്യാപിപ്പിക്കൂ. ദിവസവും അമൃതവേളയിൽ വിഭിന്ന ശ്രേഷ്ഠ തരംഗങ്ങളുടെ വെള്ളച്ചാട്ടംപോലെ ആത്മാക്കളുടെ മേൽ പനിനീർ തളിക്കൂ... കേവലം സങ്കല്പത്തിന്റെ ഓട്ടോമാറ്റിക്ക് സ്വിച്ച് ഓൺ ചെയ്യൂ... അപ്പോൾ വിശ്വത്തിൽ ഉള്ള അശുദ്ധ ഭാവനകളുടെ ദുർഗന്ധം സമാപ്തമാകും.

## സ്ലോഗൻ : സുഖദാതാവിലൂടെ സുഖത്തിന്റെ ഭണ്ഡാരം പ്രാപ്തമാവുക - ഇതാണ് ബാബയുടെ സ്നേഹത്തിന്റെ അടയാളം

**അവ്യക്ത സൂചന:- കംബയിന്റെ രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയിയാകൂ.**
എത്രമാത്രം ശക്തികൾക്ക് ശക്തിയുണ്ടോ അത്രയും പാണ്ഡവർക്കും വിശാല ശക്തിയുണ്ട്. അതുകൊണ്ട് ചതുർഭുജരൂപം കാണിച്ചിരിക്കുന്നു. ശക്തികളുടേയും, പാണ്ഡവരുടേയും ഒരുമിച്ചുള്ള രൂപത്തിലൂടെ തന്നെയാണ് വിശ്വസേവനത്തിന്റെ കാര്യത്തിൽ സഫലത പ്രാപ്തമാകുന്നത്. അതുകൊണ്ട് സദാ പരസ്പരം സഹയോഗിയായി ഇരിക്കൂ. ഉത്തരവാദിത്വത്തിന്റെ കിരീടം സദാ ധരിച്ചിരിക്കണം.